# Malayala Manorama
# 28 August 2018
# After Flood, Crop Destruction

# കൃഷിനാശം



■ ജില്ല തിരിച്ചുള്ള കണക്ക്

| ജില്ല | കൃഷിനാശം (ഹെക്ടറിൽ) | ബാധിച്ച കർഷകർ | നഷ്ടം (രൂപ) | നിർദിഷ്ടസഹായം (രൂപ) |
|---|---|---|---|---|
| തിരുവനന്തപുരം | 1356.96 | 13,451 | 74,52,49,603 | 16,82,23,031 |
| കൊല്ലം | 869.73 | 9112 | 23,41,80,559 | 5,19,51,112 |
| ആലപ്പുഴ | 12095.55 | 78,733 | 370,24,31,000 | 20,86,79,280 |
| പത്തനംതിട്ട | 12085.05 | 59,555 | 138,41,91,820 | 31,00,73,108 |
| കോട്ടയം | 7170.71 | 41,267 | 122,03,91,372 | 17,78,99,330 |
| ഇടുക്കി | 5419.33 | 27,239 | 137,75,11,345 | 25,91,39,205 |
| എറണാകുളം | 1296.66 | 8112 | 37,27,85,580 | 8,79,67,695 |
| തൃശൂർ | 1329.98 | 6470 | 44,70,53,794 | 10,15,74,735 |
| പാലക്കാട് | 6250.43 | 17,376 | 111,66,81,799 | 15,75,02,221 |
| മലപ്പുറം | 5172.18 | 26,527 | 201,65,27,343 | 54,12,81,232 |
| കോഴിക്കോട് | 627.04 | 4746 | 15,50,88,836 | 2,04,24,194 |
| വയനാട് | 1876.80 | 5899 | 33,14,41,070 | 18,56,92,425 |
| കണ്ണൂർ | 689.49 | 5819 | 24,57,76,575 | 4,43,16,009 |
| കാസർകോട് | 199.29 | 5129 | 10,17,03,500 | 2,36,83,110 |
| ആകെ | 56,439.19 | 3,09,435 | 1345,10,14,196 | 233,84,06,687 |

# കൃഷിനാശം: നാലിലൊന്നും ആലപ്പുഴ ജില്ലയിൽ

**മനോരമ ലേഖകർ**

പ്രളയക്കെടുതികളിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടത്തിന്റെ നാലിലൊന്നും ആലപ്പുഴ ജില്ലയിൽ. കുട്ടനാട് പാടേ വെള്ളത്തിലായപ്പോൾ ജില്ലയ്ക്കുണ്ടായ നഷ്ടം 370.24 കോടി രൂപ. 201.65 കോടി രൂപയുടെ നഷ്ടമാണു മലപ്പുറം ജില്ലയിൽ സംഭവിച്ചത്. ഇടുക്കി ജില്ലയിൽ ഏലം, കുരുമുളക്, കാപ്പി, കൊക്കോ, ഗ്രാമ്പു, ജാതി കൃഷികൾ വൻതോതിൽ നശിച്ചു. 137.75 കോടി രൂപയുടെ നഷ്ടമാണ് ഇപ്പോൾ കണക്കാക്കുന്നത്. പല മേഖലകളിലേയ്ക്കും ചെന്നെത്താൻ കഴിയാത്ത സാഹചര്യമായതിനാൽ അന്തിമ കണക്കെടുപ്പിൽ നഷ്ടത്തിന്റെ തോത് ഇരട്ടിയിലേറെയാകുമെന്നാണു സൂചന. പത്തനംതിട്ട ജില്ലയിൽ 138.41 കോടി, കോട്ടയം ജില്ലയിൽ 122.03 കോടി, പാലക്കാട് ജില്ലയിൽ 111.66 കോടി വീതമാണു നഷ്ടം.

ആലപ്പുഴ ജില്ലയിൽ നെൽകർഷകരാണു പ്രധാനമായും നഷ്ടം നേരിട്ടത്. ജില്ലയിൽ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിരുന്നതാകട്ടെ 25 ശതമാനത്തോളം കർഷകർ മാത്രം. കുട്ടനാട്, ചെങ്ങന്നൂർ താലൂക്കുകളിൽ 'ഓണത്തിനൊരുമുറം പച്ചക്കറി' പദ്ധതിപ്രകാരമുള്ള കൃഷി മുഴുവൻ നശിച്ചു.

ഇടുക്കിയിലെ ഏലത്തോട്ടങ്ങളിൽ കനത്ത നാശമാണ് ഉണ്ടായത്. കാലവർഷത്തിന്റെ തുടക്കത്തിൽ മരം വീണും ശക്തമായ കാറ്റിലും വ്യാപകമായി കൃഷി നശിച്ചതിനു പിന്നാലെയാണു വീണ്ടും കെടുതിയുണ്ടായത്. വ്യാപകമായ മണ്ണിടിച്ചിലിനെ തുടർന്ന് അവശേഷിച്ച ഏലച്ചെടികളും നാമാവശേഷമായി.

ചുരുക്കം ചില മേഖലകളിൽ മാത്രമാണ് ഏലം അവശേഷിക്കുന്നത്. 30 ശതമാനത്തിൽ താഴെ മാത്രമാകും ഇത്തവണ ഉൽപാദനം. ലഭ്യതക്കുറവ് അനുഭവപ്പെട്ടു തുടങ്ങിയതോടെ ഏലയ്ക്കായുടെ വില ഉയർന്നു തുടങ്ങിയിട്ടുണ്ട്. ഏലം ലേലത്തിൽ ശരാശരി വില കിലോഗ്രാമിന് 1200 രൂപ കടന്നു. വില ഇനിയും ഉയരുമെന്നാണ് കണക്കുകൂട്ടലെങ്കിലും കർഷകർക്കു ഗുണമില്ല.

വിലയിടിവിനൊപ്പം കാലവർഷക്കെടുതി കൂടി ഉണ്ടായതോടെ കുരുമുളക് കൃഷിക്കും വൻ തിരിച്ചടിയാണുണ്ടായത്.